(സി) ആശുപത്രികളുടെ വികസനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 69 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന പി.എച്ച്.സി.കളിൽ ക്രമനമ്പർ 1 മുതൽ 51 വരെയുള്ള അപേക്ഷകൾ നബാർഡിന്റെ അംഗീകാരത്തിനായി 2002-03-ൽ സമർപ്പിച്ചിട്ടുണ്ട്. ക്രമനമ്പർ 52 മുതൽ 69 വരെയുള്ള പി.എച്ച്.സി.കൾക്കുള്ള ധനസഹായത്തിനുള്ള അപേക്ഷകൾ 2003-04 വർഷത്തെ അലോട്ട്മെന്റിനായി നബാർഡിലേക്ക് ഉടനെ അയച്ചു കൊടുക്കുന്നതാണ്. ഓരോന്നിനും ആവശ്യപ്പെട്ടിട്ടുള്ള ധനസഹായ തുകയും പട്ടികയിൽ വിശദമാക്കിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഏതെല്ലാം അപേക്ഷകൾ അംഗീകരിച്ചുവെന്നും ധനസഹായം എത്രവീതമെന്നും അറിയാൻ കഴിയുകയുള്ളൂ.

(സി) നബാർഡിൽ നിന്നും അനുമതി ലഭിച്ചാലുടൻതന്നെ ടി ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണ ആശുപത്രികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ

96 (863) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണ ആരോഗ്യമേഖലയിലെ ആശുപത്രികളുടെ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ഓരോ അസംബ്ലിനിയോജക മണ്ഡലത്തിൽ നിന്നും നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക തയ്യാറാക്കിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. റവന്യൂ ജില്ലാടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. 14 ജില്ലകളിലായി 435 സ്ഥാപനങ്ങളുടെ 49 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് 2002-03 സാമ്പത്തിക വർഷം നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 2002-03 സാമ്പത്തിക വർഷം ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി 43 കോടി രൂപ നബാർഡ് അനുവദിക്കുകയും അതനുസരിച്ച് 49 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനു സമർപ്പിക്കുകയുമുണ്ടായി. അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ 2003-04 വർഷത്തെ നബാർഡ് പദ്ധതിയിൽ നിന്നും സഹായം തേടുന്നതിനായി 70 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹെപ്പറ്റൈറ്റിസ് രോഗപ്രതിരോധത്തിനായി നൽകുന്ന കുത്തിവയ്പ്

97 (867) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് അംഗീകരിച്ചതും സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്നതുമായ പ്രതിരോധ കുത്തിവയ്പുകൾ ഏതൊക്കെയാണെന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പുകളാണിവയെന്നും വ്യക്തമാക്കുമോ ;

(ബി) ഹെപ്പറ്റൈറ്റിസ് രോഗപ്രതിരോധത്തിനായി നൽകുന്ന കുത്തിവയ്പിന് ആരോഗ്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, എന്നാണ് അംഗീകാരം നൽകിയതെന്നും ഇപ്പോൾ സർക്കാർ ആശുപത്രികളിൽ ഈ പ്രതിരോധ കുത്തിവയ്പ് സൗജന്യമായി നൽകുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതു ഫാർമസ്യൂട്ടിക്കൽ കമ്പനിയാണ് പ്രസ്തുത വാക്സിൻ സർക്കാർ ആശുപത്രികളിലെ ആവശ്യത്തിനായി നൽകിവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം അനുസരിച്ച് താഴെ കാണിച്ചിരിക്കുന്ന രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ് സൗജന്യമായി നൽകിവരുന്നുണ്ട് :-

1. പോളിയോ-ഓറൽ പോളിയോ വാക്സിൻ
2. അഞ്ചാംപനി-മീസിൽസ് വാക്സിൻ
3. ക്ഷയം-ബി.സി.ജി. വാക്സിൻ
4. തൊണ്ടമുള്ള്, വില്ലൻചുമ, ടെറ്റനസ്-ഡി.ടി.പി. വാക്സിൻ
5. തൊണ്ടമുള്ള്, ടെറ്റനസ്-ഡി.ടി. വാക്സിൻ
6. ടെറ്റനസ്-ടെറ്റനസ് ടോക്സസോയിഡ് വാക്സിൻ

LIBRARY ARCHIVES Kerala Legislative Assembly